DESPATCHED
6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1344*(2)/2020*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9408**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.മുഹമ്മദ് അൻഫൽ എം.,
മൊയ്‌ലൂട് ഹൗസ്,
തുറയ്ക്കൽ പി.ഒ., കൊണ്ടോട്ടി,
മലപ്പുറം, പിൻ – 673 638. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സൂപ്രണ്ട്,
   കൊണ്ടോട്ടി നഗരസഭാ കാര്യാലയം,
   കൊണ്ടോട്ടി പി.ഒ., മലപ്പുറം, പിൻ – 673 638.

2. അപ്പീൽ അധികാരി&
   മുനിസിപ്പൽ സെക്രട്ടറി
   കൊണ്ടോട്ടി നഗരസഭാ കാര്യാലയം,
   കൊണ്ടോട്ടി പി.ഒ., മലപ്പുറം, പിൻ – 673 638.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.09.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാ

ത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 15.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്; കൊണ്ടോട്ടി നഗരസഭയുടെ കീഴി ലുള്ള വാർഡ് നമ്പർ 13ൽ കെട്ടിട നമ്പർ 374, ബിൽഡിംഗ് ഐഡി 50917010008794 നെ കുറിച്ച്,

1) ടി ബിൽഡിംഗ് ആരുടെ ഉടമസ്ഥതയിലാണെന്നും

2) ടി ബിൽഡിംഗിന്റെ സൈറ്റ് ലൊക്കേഷൻ മാപ്പിന്റെയും ബിൽഡിംഗ് പെർമിറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ രേഖകളുടെ കോപ്പി നൽകണമെന്നും

3) പ്രസ്തുത ബിൽഡിംഗിന്റെ ഇപ്പോഴത്തെ തരം ഏതാണെന്നും തരം മാറ്റി യിട്ടുണ്ടെങ്കിൽ എന്നു മുതലാണെന്നും

4) ടി ബിൽഡിംഗിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഡയാലിസിസ് സെന്ററിന് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും ഉണ്ടങ്കിൽ ആയതിന്റെ പകർപ്പ് നൽക ണമെന്നും

5) ടി ബിൽഡിംഗിന്റെ വികസനത്തിനായി രണ്ടാമത് പെർമിറ്റ് നൽകിയിട്ടു ണ്ടോയെന്നും ഉണ്ടെങ്കിൽ എന്നു മുതലാണെന്നുമായി 5 ഇനങ്ങളിലായുള്ള വിവര ങ്ങളാണ്.

ആയതിന് 08.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) പ്രസിഡന്റ് ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസ് റിസർച്ച് റിഹാബി ലിറ്റേഷൻ സൊസൈറ്റിയ്ക്കു വേണ്ടിയാണെന്നും

2) പെർമിറ്റ് നമ്പറും ഒക്യുപെൻസി ഫയൽ നമ്പറും നൽകുന്ന മുറയ്ക്ക് ഫയൽ കണ്ടെത്താൻ സാധിക്കുകയുള്ളുവെന്നും

3) വിദ്യാഭ്യാസ ആവശ്യത്തിനായിട്ടാണ് നിലവിലെ നഗരസഭാ റിക്കാർഡിൽ കിടക്കുന്നതെങ്കിലും ടി ബിൽഡിംഗിന്റെ തരം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടു ള്ളതാണെന്നും

4) ലൈസൻസ് നൽകിയിട്ടുണ്ടെന്നും കോപ്പിയ്ക്ക് പൈസ അടവാക്കുന്ന മുറയ്ക്ക് നൽകാവുന്നതാണെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 21.07.2020ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ചോദ്യത്തിന് നൽകിയ മറുപടിയിൽ കെട്ടിടം ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും ക്രമനമ്പർ 4ന് വിവരാവകാശ നിയമം സെക്ഷൻ 7(3)(a) യ്ക്ക് വിരുദ്ധമായാണ് മറുപടി നൽകിയിരിക്കുന്നതെന്നും 5-ാം ചോദ്യത്തിന് മറുപടി നൽകിയിട്ടില്ലെന്നും കമ്മീഷനു ബോദ്ധ്യമാകുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ ഹർജിക്കാരൻ ഒന്നാം അപ്പീലിൽ നൽകിയ പുതിയ ചോദ്യം അനുവദിക്കാൻ സാധ്യമല്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)